# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 184 **07.07.2015 ൽ മറുപടിയ്ക്ക്**

## ധാതു മണൽ സമ്പത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.ആർ.രാജേഷ്<br>ശ്രീ.എം.എ ബേബി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.പി.കെ.ഗുരുദാസൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ ധാതുമണൽ സമ്പത്ത് ഉപയോഗപ്പെടുത്തിയില്ലെങ്കിൽ ഏതെല്ലാം തരത്തിൽ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ ധാതുമണൽ വിവിധയിനം ഉയർന്ന ധാതുക്കളായ ഇൽമനൈറ്റ്, സിർക്കൺ, റൂട്ടൈൽ, ലൂക്കോക്സിൻ, മോണോസൈറ്റ്, സിലിമനൈറ്റ് എന്നിവയാൽ സമൃദ്ധമാണ്. കേന്ദ്ര അറ്റോമിക് എനർജി വകുപ്പിന്റെ 1996 ലെ കണക്കുപ്രകാരം നീണ്ടകര മുതൽ കായംകുളം വരെയുള്ള തീരപ്രദേശത്ത് ഏകദേശം 200 ദശലക്ഷം ടൺ ധാതുമണൽ ശേഖരമുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ നിക്ഷേപത്തെ 4 ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്തിനുമാണ് ഈ ധാതുക്കൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈ ധാതു മണൽ ശേഖരത്തിന്റെ ചെറിയ ഒരളവ് മാത്രമേ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ ഇപ്പോൾ സാധിക്കുന്നുള്ളൂ. വിവിധ പ്രാദേശിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലമാണ് പൂർണ്ണതോതിലുള്ള ധാതുമണൽ ശേഖരണം നടക്കാത്തത്. ധാതുസമ്പത്ത് പൂർണ്ണമായി ഉപയോഗപ്പെടുത്താത്തതു കൊണ്ട് പ്രകൃതിക്ഷോഭം കാരണം അവ |

| | | | |
|---|---|---|---|
| | | | നഷ്ടപ്പെടുന്നതിനും അത് വഴി തൊഴിൽ സാദ്ധ്യതകളും വരുമാന നഷ്ടവും ഉണ്ടാകുന്നതിനും ഇടയാക്കുന്നുണ്ട്. അനധികൃത ഖനനത്തിലൂടെ ധാതുസമ്പത്ത് നഷ്ടപ്പെടാതെയിരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ധാതുമണൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ തോതിൽ ധാതുമണൽ ലഭ്യമാക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അവലോകനം നടത്തിയിട്ടുണ്ട്. നിലവിൽ കേരള മിനറൽസ് ആന്റ് മെറ്റൽസിനും ഇൻഡ്യൻ റെയർ എർത്തിനുമാണ് ധാതുമണൽ സമ്പത്ത് ശേഖരിക്കുന്നതിനുള്ള അനുമതിയുള്ളത്. കേരള മിനറൽസ് ആന്റ് മെറ്റൽസും ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സും മറ്റു സ്വകാര്യ സ്ഥാപനങ്ങളുമാണ് ഇവ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നത്. ധാതുമണലിന്റെ ശേഖരം പൂർണ്ണതോതിൽ നടക്കാത്തതുകൊണ്ട് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ ധാതുമണൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല. |
| (സി) | പൊതുമേഖലയിൽ ധാതുമണൽ ഉപയോഗപ്പെടുത്തുന്ന കൂടുതൽ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | | കേരള മിനറൽസ് ആന്റ് മെറ്റൽസിനേയും ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സിനേയും കൂടുതൽ ശക്തിപ്പെടുത്തി വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ ധാതുമണൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**